(എ) വിൽപന നികുതിയിനത്തിൽ 4144.10 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 29.650 കോടി രൂപയും പിരിച്ചെടുക്കുന്നതിനാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

(ബി) 31.1.2000 വരെ വിൽപ്പന നികുതിയിനത്തിൽ 2749.38 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 7.49 കോടി രൂപയും പിരിച്ചെടുത്തു.

(സി) കുറവ് വന്നിട്ടില്ല.

(ഡി) കുറഞ്ഞിട്ടില്ല.

(ഇ) ഉണ്ട്.

22 (332) അടിസ്ഥാന സൗകര്യ വികസനത്തിന് ലഭിച്ച തുക

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുക്കടം ഫണ്ടിലേക്ക് എന്തു തുക സ്വരൂപിച്ചു എന്ന് പറയുമോ;

(ബി) ഈ തുകയിൽനിന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചു ;

(സി) എന്തെല്ലാം ആവശ്യത്തിനാണ് തുക ചെലവഴിച്ചതെന്ന് പറയുമോ;

(ഡി) അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുക ഇപ്രകാരം ചെലവഴിച്ചു;

(ഇ) അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതിൽനിന്നും എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) 507.06 കോടി രൂപ സ്വരൂപിച്ചു.

(ബി) ഇതുവരെ തുകയൊന്നും ചെലവഴിച്ചില്ല.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഡി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

23 (333) കേരള സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റ് ചെയ്ത ഇനത്തിലെ ചെലവുകൾ

ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റ് ചെയ്ത ഇനത്തിൽ ആഡിറ്റ് ഫീസായി 1997-98, 1998-99, 1999-2000 സാമ്പത്തിക വർഷങ്ങളിൽ ഗവൺമെന്റിന് എത്രരൂപ ലഭിക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly